# Syro Malabar Youth Movement (SMYM)

Mount St.Thomas, Kakkanad P.O, 682030, P.B No:3110,
email: smymglobal @ gmail.com, www.smymglobal.org, Ph:9495868584

**Mar Joseph Pandarasseril**
Chairman, Commission for Youth

**Mar Ephrem Nariculam**
Commission Member

**Mar Jose Puthenveettil**
Commission Member


## സർക്കുലർ

സീറോ മലബാർ സഭയിലെ മെത്രാൻമാർക്കും വൈദികർക്കും യുവജന ശുശ്രൂഷ നയിക്കുന്ന ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റർമാർക്കും യുവജന നേതാക്കൻമാർക്കും സീറോ മലബാർ സഭയിലെ എല്ലാ യുവജനങ്ങൾക്കും വേണ്ടി സീറോ മലബാർ യൂത്ത് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ സ്നേഹിക്കപ്പെട്ടവരെ

മനുഷ്യജീവിതത്തിലെ ഏറ്റവും ചൈതന്യവത്തായ കാലഘട്ടം യുവത്വമാണ്. പ്രസരിപ്പുകൊണ്ടും കർമ്മശേഷികൊണ്ടും സഭയെയും സമൂഹത്തെയും ജീവനുള്ളതാക്കുവാനും നയിക്കുവാനുമുള്ള യുവജനങ്ങളുടെ തീക്ഷ്ണത മിശിഹായുടെ ചൈതന്യത്താലും സഭാധികാരികളോടുള്ള വിധേയത്വത്താലും സ്നേഹത്താലും നയിക്കപ്പെടുന്നുവെങ്കിൽ വളരെയേറെ സത്ഫലങ്ങൾ പുറപ്പെടുമെന്നത് നിസ്തർക്കമായ കാര്യമാണ്. വർത്തമാന കാലഘട്ടത്തിലെ സാമൂഹികവും സംസ്കാരികവുമായ വളർച്ചയുടെ ഭാഗമായി നമ്മുടെ സഭയിലെ യുവജനങ്ങൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും വ്യത്യസ്ത ആവശ്യങ്ങൾക്കായി കുടിയേറി പാർക്കുന്നുണ്ട്. ലോകത്തെവിടെയായിരുന്നാലും അവരുടെ സാന്നിദ്ധ്യം സഭ വിലമതിക്കുകയും അവരെ മാതൃസഭയോട് ചേർത്തുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസ പരിശീലനം അതീവപ്രാധാന്യത്തോടെയാണ് നമ്മുടെ സഭ കാണുന്നത് . "വിശ്വാസികൾ തങ്ങളുടെ റീത്തും ആരാധനാക്രമവും വിട്ടുപോകാൻ ഇടയായാൽ സഭയുടെ ആദ്ധ്യാത്മിക ജീവിതത്തെതന്നെ അത് ബാധിക്കും"(പൗരസ്ത്യസഭകൾ 4.D)എന്ന് സഭ നന്നായി മനസ്സിലാക്കുന്നു.ഇക്കാരണങ്ങളാൽ സീറോമലബാർസഭ യുവജനശാക്തീകരണപരിപാടികൾ ഊർജ്ജിതപ്പെടുത്തുവാനായി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

1972 മുതൽ ഭാരതകത്തോലിക്കാസഭയിൽ വിവിധ പേരുകളിലാണ് യുവജന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു വരുന്നത്. എന്നാൽ ഇവയൊക്കെയും, ഭാരതത്തിലെ മൂന്നു വ്യക്തിസഭകളിലെ യുവജനങ്ങളെയും ഒരുമിച്ചു ചേർത്തുള്ള പൊതു പ്രവർത്തന വേദികളായിരുന്നു. ഓരോ വ്യക്തി സഭയുടെയും പാരമ്പര്യങ്ങൾക്കു ചേർന്ന വിശ്വാസപരിശീലനം അതാത് സഭയിലെ യുവജനങ്ങൾക്ക് നൽകാൻ നിലവിലുള്ള യുവജനപ്രസ്ഥാനങ്ങൾക്ക് അധികം സാധിച്ചിരുന്നില്ല എന്നത് ഒരു പോരായ്മയായിരുന്നു. ഭാരത കത്തോലിക്കാ മെത്രാൻ സമിതി ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുകയും മാതൃസഭകളുടേതായ വിശ്വാസപരിശീലനമാണ് യുവജനങ്ങൾക്ക് നൽകേണ്ടത് എന്ന് ചിന്തിക്കുകയും ചെയ്തു, അതേത്തുടർന്ന് നമ്മുടെ സഭയിലെ യുവജനങ്ങൾക്കു വേണ്ടി സീറോ മലബാർ യൂത്ത് മൂവ്മെന്റ് (S.M.Y.M) എന്ന യുവജന ശുശ്രൂഷാ സംവിധാനവും സീറോമലബാർ യൂത്ത് കമ്മീഷനും നിലവിൽ വന്നു. കേരളത്തിൽനിന്ന് ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി പാർക്കുന്ന യുവജനങ്ങളെ സംഘടിപ്പിക്കുകയും മാതൃസഭയോട് ചേർത്തു നിർത്തി സംരക്ഷിക്കുകയും വിശ്വാസപരിശീലനം നല്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് എസ്. എം. വൈ.എം. (S.M.Y.M))രൂപപ്പെടുത്തിയിരിക്കുന്നത്. "പൗരസ്ത്യ സഭകൾ വളർന്നു വികസിക്കുവാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യത്തോടെ പൂർണ്ണമാക്കാനും"(പൗരസ്ത്യ സഭകൾ:1) ആഗ്രഹിക്കുന്ന സഭാപിതാക്കന്മാരുടെ ദീർഘവീക്ഷണം ഈ പുതിയ സംവിധാനത്തിലൂടെ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരം നമ്മുടെ സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ നിയന്ത്രണവും ഏകോപനവും സീറോമലബാർ യൂത്ത് കമ്മീഷനിൽ നിക്ഷിപ്തമാണ്. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനെ യൂത്ത് കമ്മീഷൻ ചെയർമാനായും, മാർ എഫ്രേം നരികുളം, മാർ ജോസ്

പുത്തൻവീട്ടിൽ എന്നീ പിതാക്കൻമാരെ യൂത്ത് കമ്മീഷൻ അംഗങ്ങളായും അഭിവന്ദ്യ മേജർ ആർച്ചുബിഷപ് മാർ ജോര്ജ്ജ് ആലഞ്ചേരി പിതാവ് നിയമിച്ചിട്ടുണ്ട്. ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കലിനെ യൂത്ത് കമ്മീഷൻ സെക്രട്ടറിയായും ശ്രീ. സിജോ അമ്പാട്ടിന്റെ നേതൃത്വത്തിലുള്ള ഒൻപതംഗ സമിതിയെ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ (SMYM)പ്രവർത്തക സമിതി അംഗങ്ങളായും യൂത്ത് കമ്മീഷൻ നിയമിച്ചിട്ടുണ്ട്.

സീറോ മലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടനയായ സീറോ മലബാർ യൂത്ത്മൂവ്മെന്റിൽ 15നും 30 നും ഇടയിൽ പ്രായമുള്ള എല്ലായുവജനങ്ങളും അംഗങ്ങളാകണമെന്നാണ് നമ്മുടെ സഭ ആഗ്രഹിക്കുന്നത്. സീറോ മലബാർ സഭയിലെ എല്ലായുവജനങ്ങളും ഒന്നിച്ചു പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിലെ സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാകയാൽ മറ്റ് പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളായിട്ടുള്ള യുവജനങ്ങൾ പ്രസ്തുത സംവിധാനങ്ങളിലുള്ള അവരുടെ അംഗത്വം നിലനിർത്തികൊണ്ടുതന്നെ എസ്.എം.വൈ.എമ്മിൽ (S.M.Y.M)അംഗങ്ങളായി പ്രവർത്തിക്കാവുന്നതാണ്.

ഇടവകതലം മുതൽ ആഗോളതലം വരെ എസ്.എം. വൈ.എം. (S.M.Y.M)എന്ന പേരിൽ നമ്മുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം പ്രവർത്തന സജ്ജമാകുന്നതിനുവേണ്ട ക്രമീകരണങ്ങൾ അതിരൂപതകളിലും രുപതകളിലും എക്സാർക്കേറ്റിലും മിഷൻകേന്ദ്രങ്ങളിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. സിനഡ് അംഗീകരിച്ച എസ്.എം.വൈ.എം (S.M.Y.M)നിയമാവലി അഭിവന്ദ്യപിതാക്കൻമാർക്കും യുവജന ഓഫീസുകളിലേക്കും ഇതിനോടകം അയച്ചുനൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറികിടക്കുന്ന നമ്മുടെ യുവജനങ്ങളെ ഒന്നിച്ചു നിർത്തേണ്ടത് വർത്തമാനകാലത്തിന്റെ ആവശ്യകതയും ഭാവികാലത്തിന്റെ പ്രത്യാശയുമാണ്. ഇപ്പോൾ നിലവിലുള്ള യുവജന പ്രസ്ഥാനങ്ങളായ K.C.Y.M., I.C.Y.M എന്നിവ മൂന്നുവ്യക്തി സഭകളുടെയും സംസ്ഥാന,ദേശീയപ്രവർത്തനങ്ങൾക്കുള്ള പൊതുസംഘടനാ സംവിധാനങ്ങളായി തുടർന്നും നിലകൊള്ളുന്നതാണ്.

മറ്റൊരു കാര്യം കൂടി നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.നമ്മുടെ ഇടവകകളിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് വേണ്ടി മൈഗ്രന്റ് ഫോം (Migrant Form) യുത്ത് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഇടവകയിലും നല്കുന്നതിനായി ഈ ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. സ്വന്തം ഇടവകയിൽ നിന്ന് ലഭിക്കുന്ന മൈഗ്രന്റ് ഫോം പൂർണ്ണമായും പൂരിപ്പിച്ച് എത്തിച്ചേരുന്ന സ്ഥലങ്ങളിലെ സീറോ മലബാർ സഭാ സംവിധാനങ്ങളിൽ നൽകി അംഗത്വം സ്വീകരിക്കണമെന്ന് പ്രവാസികളാകുന്ന എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. സഭാസംവിധാനങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്നതിന് ഈ ക്രമീകരണം നമ്മെ സഹായിക്കും. ആരാലും അറിയപ്പെടാതെയുള്ള യുവജനങ്ങളുടെ ജീവിതം ഏറെ ആത്മീയ - ഭൗതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന കാര്യം മാതാപിതാക്കന്മാരും അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരും അതീവ ഗൗരവത്തോടെ മനസ്സിലാക്കുകയും മൈഗ്രന്റ് ഫോമിന്റെ ഉപയോഗം പ്രയോജനപ്പെടുത്തുകയും ചെയ്യുമല്ലോ.

എസ്.എം.വൈ.എം (S.M.Y.M))ന് ക്രിയാത്മകമായ പിന്തുണയും ആവശ്യമായ സഹായസഹകരണവും നൽകി നമ്മുടെ യുവജനങ്ങളെ സുവിശേഷത്തിന്റെ സന്തോഷത്തിലേക്ക് ആനയിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

+മാർ ജോസഫ് പണ്ടാരശ്ശേരിൽ,

സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ.

+മാർ എഫ്രേം നരികുളം (കമ്മീഷൻ അംഗം)

+മാർ ജോസ് പുത്തൻവീട്ടിൽ (കമ്മീഷൻ അംഗം)

സീറോ മലബാർ യൂത്ത് കമ്മീഷൻ ഓഫിസിൽ നിന്നും 2016 ഡിസംബർ 15ന് പുറപ്പെടുവിച്ചത്